Downloaded From : http://cbseportal.com/

**Strictly Confidential: (For Internal and Restricted use only)**
**Secondary School Examination-2020**
**Marking Scheme – MALAYALAM**
**(SUBJECT CODE : 012) (PAPER CODE :12 )**

**General Instructions: -**

1. You are aware that evaluation is the most important process in the actual and correct assessment of the candidates. A small mistake in evaluation may lead to serious problems which may affect the future of the candidates, education system and teaching profession. To avoid mistakes, it is requested that before starting evaluation, you must read and understand the spot evaluation guidelines carefully.**Evaluation is a 10-12 days mission for all of us. Hence, it is necessary that you put in your best effortsin this process.**
2. Evaluation is to be done as per instructions provided in the Marking Scheme. It should not be done according to one's own interpretation or any other consideration. Marking Scheme should be strictly adhered to and religiously followed. **However, while evaluating, answers which are based on latest information or knowledge and/or are innovative, they may be assessed for their correctness otherwise and marks be awarded to them. In class-X, while evaluating two competency based questions, please try to understand given answer and even if reply is not from marking scheme but correct competency is enumerated by the candidate, marks should be awarded.**
3. The Head-Examiner must go through the first five answer books evaluated by each evaluator on the first day, to ensure that evaluation has been carried out as per the instructions given in the Marking Scheme. The remaining answer books meant for evaluation shall be given only after ensuring that there is no significant variation in the marking of individual evaluators.
4. Evaluators will mark( √ ) wherever answer is correct. For wrong answer 'X"be marked. Evaluators will not put right kind of mark while evaluating which gives an impression that answer is correct and no marks are awarded. **This is most common mistake which evaluators are committing.**
5. If a question has parts, please award marks on the right-hand side for each part. Marks awarded for different parts of the question should then be totaled up and written in the left-hand margin and encircled. This may be followed strictly.
6. If a question does not have any parts, marks must be awarded in the left-hand margin and encircled. This may also be followed strictly.
7. If a student has attempted an extra question, answer of the question deserving more marks should be retained and the other answer scored out.
8. No marks to be deducted for the cumulative effect of an error. It should be penalized only once.
9. A full scale of marks **0-80** has to be used. Please do not hesitate to award full marks if the answer deserves it.
10. Every examiner has to necessarily do evaluation work for full working hours i.e. 8 hours every day and evaluate 20 answer books per day in main subjects and 25 answer books per day in other subjects (Details are given in Spot Guidelines).
11. Ensure that you do not make the following common types of errors committed by the Examiner in the past:-
    - Leaving answer or part thereof unassessed in an answer book.
    - Giving more marks for an answer than assigned to it.
    - Wrong totaling of marks awarded on a reply.
    - Wrong transfer of marks from the inside pages of the answer book to the title page.
    - Wrong question wise totaling on the title page.
    - Wrong totaling of marks of the two columns on the title page.
    - Wrong grand total.
    - Marks in words and figures not tallying.
    - Wrong transfer of marks from the answer book to online award list.

Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

- Answers marked as correct, but marks not awarded. (Ensure that the right tick mark is correctly and clearly indicated. It should merely be a line. Same is with the X for incorrect answer.)
- Half or a part of answer marked correct and the rest as wrong, but no marks awarded.

12. While evaluating the answer books if the answer is found to be totally incorrect, it should be marked as cross (X) and awarded zero (0)Marks.

13. Any unassessed portion, non-carrying over of marks to the title page, or totaling error detected by the candidate shall damage the prestige of all the personnel engaged in the evaluation work as also of the Board. Hence, in order to uphold the prestige of all concerned, it is again reiterated that the instructions be followed meticulously and judiciously.

14. The Examiners should acquaint themselves with the guidelines given in the Guidelines for spot Evaluation before starting the actual evaluation.

15. Every Examiner shall also ensure that all the answers are evaluated, marks carried over to the title page, correctly totaled and written in figures and words.

16. The Board permits candidates to obtain photocopy of the Answer Book on request in an RTI application and also separately as a part of the re-evaluation process on payment of the processing charges.

Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

**MARKING SCHEME**

**MALAYALAM -2020**
**CODE : 012**

| | |
|---|---|
| അനുവദിച്ച സമയം :- **3** മണിക്കൂർ | ആകെ മാർക്ക് : **80** |

**Section - A / എ വിഭാഗം – Reading Comprehension.**

**I. Comprehension passage.**

Note: No mark(s) should be deducted for mistakes in usage and grammar, spelling or word limit. Full marks may be awarded if a student has been able to identify the core ones. If a student literally lifts a portion of the given passage as an answer to a question, no mark(s) to be deducted for this as long as it is relevant. **(10)**

| | | |
|---|---|---|
| (i) | പ്രണയപരവശരായ സ്ത്രീപുരുഷന്മാർ വിധിവശാൽ പിരിഞ്ഞിരിക്കേണ്ടി വരിക. വിരഹത്തിൽ ആമഗ്നനായ കാമുകൻ കാമുകിക്ക് ഒരു സന്ദേശം എത്തിക്കുവാൻ ഒരു വസ്തുവിനേയോ വ്യക്തിയേയോ കണ്ടെത്തി തന്റെ സന്ദേശം എത്തിക്കുവാൻ അഭ്യർത്ഥിക്കുക. അങ്ങനെ ഇരുവരുടേയും ഉത്കണ്ഠയ്ക്ക് ശമനം വരുത്തുക- ഇതാണ് കാവ്യങ്ങളുടെ മൗലികഘടന. | 2 |
| (ii) | വാത്മീകിരാമായണത്തിലെ കിഷ്കിന്ധാകാണ്ഡത്തിൽ ശ്രീരാമൻ ഹനുമാന്റെ പക്കൽ സീതയ്ക്ക് ദൂതു നൽകുന്നതും, നള-ദമയന്തിക്കഥയിൽ ദൂതുമായി പോകുന്ന ഹംസവുമെല്ലാം സന്ദേശകാവ്യങ്ങളുടെ ആദ്യകാല മാതൃകകളാണ്. | 2 |
| (iii) | ഉണ്ണുനീലി സന്ദേശം, ചക്രവാക സന്ദേശം, മയൂര സന്ദേശം, ഭൃംഗ സന്ദേശം, ഹംസ സന്ദേശം, ദാത്യൂഹ സന്ദേശം, കോകില സന്ദേശം, ഗരുഡ സന്ദേശം. | 2 |
| (iv) | സന്ദേശകാവ്യത്തിന് രണ്ടു ഭാഗങ്ങളുണ്ട്- പൂർവ്വഭാഗവും ഉത്തരഭാഗവും . പൂർവ്വഭാഗത്ത് സന്ദേശമയയ്ക്കാനുള്ള കാരണം, സന്ദേശവാഹകനെ കണ്ടെത്തിയ സന്ദർഭം, മാർഗ്ഗ വിവരണം ഇവയും ഉത്തരഭാഗത്ത് നായികയുടെ വാസസ്ഥല വർണ്ണന, നായികാവർണ്ണന, സന്ദേശം ഇവയും ഉൾപ്പെടുന്നു. | 2 |

Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

| | | |
|---|---|---|
| (v) | സന്ദേശകാവ്യങ്ങളിലെ അംഗിയായ രസം ശൃംഗാരമാണ്.<br>ഖണ്ഡികയുമായി ബന്ധപ്പെട്ട ഏതു ശീർഷകത്തിനും മാർക്ക് നൽകാം. | 1<br>1 |
| | **SECTION- B. WRITING**<br><br>**ബി വിഭാഗം** | |
| | **WRITING SKILLS.**<br>Note:- The objective of this section is to test a candidate's writing ability. Hence expression assumes as much importance as the content of answer. **(14)** | |
| **2** | **ഉപന്യാസരചന**<br>ആമുഖം<br>ഉള്ളടക്കം, ആശയം.<br>ഭാഷാശൈലി, അവതരണരീതി, ഖണ്ഡികാകരണം<br>ഉപസംഹാരം | <br>**1**<br>**3½**<br>**1½**<br>**1** |
| **(i)** | ***നഷ്ടപ്പെടുന്ന കാർഷിക സംസ്കാരം***<br>ആമുഖം<br>• മനുഷ്യസംസ്കാരം കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു.<br>• പരമ്പരാഗത കാർഷികമൂല്യങ്ങൾ<br>പരമ്പരാഗത കൃഷിരീതിയിൽ വന്ന വ്യതിയാനങ്ങൾ - ശാസ്ത്ര സാങ്കേതിക മേഖലകളുടെ സ്വാധീനം കൃഷിയിൽ, കർഷകൻ കൃഷി ഉപേക്ഷിക്കാനുള്ള കാരണങ്ങൾ - സുരക്ഷിതത്ത്വമില്ലായ്മ, ഭക്ഷ്യവിളകളിൽ നിന്ന് നാണ്യവിളകളിലേക്കുള്ള മാറ്റം, ജനിതകമാറ്റം വരുത്തിയ വിളകൾ, അമിതലാഭേച്ഛ - വിദേശകുത്തക- കളുടെ കാർഷിക രംഗത്തേക്കുള്ള കടന്നുകയറ്റം - കാലാവസ്ഥാ വ്യതിയാനം - തനതായ കാർഷിക സംസ്കാരം- വിളവെടുപ്പുത്സവങ്ങൾ- ആഘോഷങ്ങൾ- ഓണം തുടങ്ങിയ ഉത്സവങ്ങൾ- നാടൻ പാട്ടുകൾ - ഭക്ഷണശീലങ്ങളിൽ വന്ന മാറ്റങ്ങൾ- നഗരവത്ക്കരണം-<br>• കാർഷികമേഖലയുടെ സുരക്ഷിതമായ നിലനില്പ് നാടിന് അനിവാര്യം - കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുക | |
| **(b)** | ***സ്ത്രീകളുടെ സുരക്ഷ - ഇന്ന്***<br>ആമുഖം<br>സമൂഹത്തിൽ സ്ത്രീ നേരിടുന്ന പ്രശ്നങ്ങൾ- അതിക്രമങ്ങൾ- ചൂഷണം- അസമത്വം, സ്ത്രീ സുരക്ഷിതയല്ലാതിരിക്കുന്ന ഇടങ്ങൾ - (കുടുംബം, പൊതു ഇടങ്ങൾ, യാത്രാവേളകൾ) വിശ്വാസങ്ങൾ- ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ സംരക്ഷിക്കപ്പെടണം- സ്ത്രീകളുടെ വിദ്യാഭ്യാസം | |

Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

| | | |
|---|---|---|
| | പ്രോത്സാഹിപ്പിക്കുക - സ്ത്രീ സുരക്ഷക്കെതിരെയുള്ള വെല്ലുവിളികൾ നേരിടാൻ അവരെ പ്രാപ്തരാക്കുക | |
| **(c)** | ***നവമാധ്യമങ്ങളും ആധുനികലോകവും***<br>ആമുഖം<br>നവമാധ്യമങ്ങളുടെ അമിതസ്വാധീനം - ആധുനിക ലോകത്തിൽ അതിനുള്ള പ്രസക്തി- നവമാധ്യമങ്ങളുടെ സൗഹൃദക്കൂട്ടായ്മകൾ - അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ സഹായിക്കൽ- വിജ്ഞാനം വിരൽത്തുമ്പിൽ- സാമൂഹ്യ തിന്മകൾക്കെതിരെ പ്രതികരിക്കാനുള്ള ശേഷി ഇവയുടെ ഗുണപരവും അല്ലാത്തതുമായ സ്വാധീനം<br><br>നവമാധ്യമങ്ങളുടെ ദുരുപയോഗം - തെറ്റായ വാർത്താ പ്രചാരണം, സംസ്കാരശൂന്യമായ ഇടപെടലുകൾ, ചൂഷണങ്ങൾ, തട്ടിപ്പുകൾ, യുവതലമുറയിലെ ദു:സ്വാധീനം- കുട്ടികളുടെ മാനസിക ശാരീരിക വളർച്ചയിലുണ്ടാകുന്ന അപാകതകൾ. സുരക്ഷിതമായ ഉപയോഗരീതികളെപ്പറ്റി ബോധവത്ക്കരണം - നിയമസുരക്ഷ | |
| **3** | <u>കത്ത്</u><br><u>രൂപഘടന</u><br>പ്രേഷകൻ/ പ്രേഷിത (പഞ്ചായത്ത് പ്രസിഡന്റ്)<br>മേൽവിലാസം<br>സ്വീകർത്താവ്/ഗ്രാഹകൻ (ജില്ലാ കളക്ടർ)<br>മേൽവിലാസം<br>[മേൽവിലാസം എന്നു മാത്രം എഴുതുന്നതിനു പകരം മേൽവിലാസഘടകങ്ങളായ പേര്,വീട്ടുപേര്/ഓഫീസിൻെറ പേര്, സ്ഥലം, പോസ്റ്റ് ഓഫീസ്, പിൻകോഡ് എന്നിവ എഴുതണം]<br>അഭിസംബോധന, വിഷയസൂചനകൾ,<br>ആമുഖം - കത്തിൻെറ ശരീരം<br><u>ഉള്ളടക്കം കത്തിൻെറ ശരീരം.</u><br>(ഖണ്ഡിക തിരിച്ച്, വിഷയത്തിൽ ഒതുങ്ങുന്നതും ആവശ്യങ്ങൾ സമർത്ഥിക്കപ്പെടുന്നതുമായിരിക്കണം)<br><br>പഞ്ചായത്ത് പ്രസിഡന്റ് എന്ന പരാമർശം പ്രേഷകസ്ഥാനത്തോ ഉള്ളടക്കത്തിലോ പരാമർശിച്ചിരിക്കണം. അല്ലെങ്കിൽ ½ മാർക്ക് കുറയ്ക്കണം.<br><br>വെള്ളപ്പൊക്കക്കെടുതികളുടെ വസ്തുതാപരമായ വിവരണം സർക്കാർ സഹായത്തിന്റെ അനിവാര്യത - വിശദീകരണം- സഹായ അഭ്യർഥന<br>ആശയപ്രകാശനം, ഭാഷാശൈലി, അവതരണരീതി, വിഷയപ്രതിബദ്ധത, സമർത്ഥനം, ഉപസംഹാരം<br>ഉപചാരവാക്ക്, ഒപ്പ്, പേര് എന്നിവ ഇടതുവശത്തോ, വലതുവശത്തോ | **(2)**<br><br>**(3)**<br><br>**(2)** |

Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

| | | |
|---|---|---|
| | വരാം. തീയതി താഴെയോ പ്രേഷകനും ഗ്രാഹകനും ഇടയിലോ എഴുതണം.<br><br>• **ചോദ്യത്തിനനുസരിച്ചുള്ള രൂപമാറ്റത്തോടെ പ്രേഷക ഗ്രാഹക സ്ഥാനങ്ങൾ വ്യക്തമാക്കാൻ വിദ്യാർഥികളെ ഭാവിയിൽ അധ്യാപകർ പ്രാപ്തരാക്കണം** | |

**SECTION-C-GRAMMAR**

സി.വിഭാഗം

**GRAMMAR**

Note:- In grammar section marks may be awarded only for the correct answers according to the marking scheme. Marks to be deducted for the errors, spelling mistakes and construction of sentences. **(20)**

| | | |
|---|---|---|
| 3 (a)<br>(i) | **പ്രയോഗം**<br><br>ഒരു മഹൽ സന്നിധിയിലെന്നപോലെ അവളാൽ ശിരസ്സ് കുനിയപ്പെട്ടു/ കുനിക്കപ്പെട്ടു. | 1 |
| (ii) | പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തതയാൽ അപ്പോൾ അയാൾ വലയം ചെയ്യപ്പെട്ടു.<br>**OR**<br>അയാൾ പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തതയാൽ വലയം ചെയ്യപ്പെട്ടു. | 1 |
| (b)<br>(i) | **അംഗവാക്യം –** ദ്രൗണിയെ കണ്ടറിഞ്ഞു ചാടിയെഴുന്നേൽക്കാൻ ഭാവിക്കുമ്പോഴേക്കും<br><br>**അംഗിവാക്യം –** ദ്രൗണി അയാളെ വലിച്ചു താഴെയിട്ടു ചവിട്ടി. | ½<br>+<br>½ |
| (ii) | **അംഗവാക്യം –** നീങ്ങുന്ന തീവണ്ടിമുറിയിൽ നിന്നു പുറത്തേക്കു നോക്കും പോലെ<br>**OR**<br>**അംഗവാക്യം –** നീങ്ങുന്ന തീവണ്ടിമുറിയിൽ നിന്നു പുറത്തേക്കു നോക്കും പോലെ അപരിചിതനായി<br><br>**അംഗിവാക്യം –** അപരിചിതനായി കണ്ടുണ്ണി നിന്നു.<br>**OR**<br>**അംഗിവാക്യം –** കണ്ടുണ്ണി നിന്നു. | ½<br><br>+<br><br>½ |

Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

| | | |
|---|---|---|
| **(c)**<br><br><br><br>(i) | **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക :-**<br>തെറ്റു മനസ്സിലാക്കി പൂർണ്ണമായി തിരുത്തുന്നതിന് മുഴുവൻ മാർക്ക് നൽകാം. ഭാഗികമായാൽ ആനുപാതികമായി മാർക്ക് നൽകാം. വാക്യത്തിൽ പുതിയ തെറ്റുകൾ സൃഷ്ടിച്ചാൽ ആനുപാതികമായി മാർക്കു കുറയ്ക്കണം.<br><br>രണ്ടു വാക്കുകൾക്കിടയ്ക്ക് ദു:ഖത്തിൽ, മൗനത്തിൽ അച്ഛനും മകനും അറിവുകൾ തമ്മിൽ കൈമാറി.<br>**OR**<br>രണ്ടു വാക്കുകൾക്കിടയ്ക്ക് ദു:ഖത്തിൽ, മൗനത്തിൽ അച്ഛനും മകനും അറിവുകൾ പരസ്പരം കൈമാറി. | 1 |
| (ii) | ഇനി വിൽക്കാൻ വീട്ടിൽ ആകെ ശേഷിക്കുന്നത് നാലോ അഞ്ചോ മരസ്പൂണുകൾ മാത്രമാണ്.<br>**OR**<br>ഇനി വിൽക്കാൻ വീട്ടിൽ ആകെ ശേഷിച്ചിട്ടുള്ളത് നാലഞ്ച് മരസ്പൂണുകൾ മാത്രമാണ്.<br>**OR**<br>ഇനി വിൽക്കാൻ വീട്ടിൽ ആകെ ശേഷിച്ചിട്ടുള്ളത് നാല് അല്ലെങ്കിൽ അഞ്ച് മരസ്പൂണുകൾ മാത്രമാണ്. | 1 |
| **(d)**<br><br><br>(i)<br><br>(ii) | പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. (ശരിയായി പിരിച്ചെഴുതിയിട്ടില്ലെങ്കിൽ സന്ധി ശരിയായാലും മാർക്ക് നൽകാൻ പാടില്ല.)<br><br>കടങ്ങൾ - കടം + കൾ (ആദേശസന്ധി)<br><br>ആരൊരാൾ - ആര് + ഒരാൾ (ലോപ സന്ധി)<br>**OR**<br>ആരൊരാൾ - ആരൊരു + ആൾ(ലോപ സന്ധി) | ½ + ½<br><br>½ + ½ |
| **(e)**<br><br><br>(i) | വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.(ശരിയായി വിഗ്രഹിച്ചിട്ടില്ലെങ്കിൽ സമാസം ശരിയാണെങ്കിലും മാർക്ക് നൽകാൻ പാടില്ല)<br><br>മൊഴിച്ചന്തം - മൊഴിയുടെ ചന്തം (സംബന്ധികാ തത്പുരുഷൻ)<br>• **തത്പുരുഷൻ എന്നു മാത്രം എഴുതിയാൽ മാർക്ക് നൽകേ തില്ല.** | ½ + ½ |

Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

| | | |
|---|---|---|
| (ii) | പൂരിതാഭ - പൂരിതമായ ആഭ (കർമ്മധാരായൻ) | ½ + ½ |
| **(f)** | **പര്യായം**<br><br>[ഏതെങ്കിലും രണ്ടെണ്ണം ശരിയാക്കിയാൽ മുഴുവൻ മാർക്കും നൽകണം. അല്ലെങ്കിൽ ആനുപാതികമായി മാർക്ക് നൽകാം]<br><br>(i) സ്വർണ്ണം - പൊന്ന് , സുവർണം, ഹിരണ്യം, കനകം, ഹേമം, ഹാടകം, തപനീയം, ശാതകുംഭം, ഗാംഗേയം, ഭർമ്മം, കർബുരം, ചാമീകരം, ജാതരൂപം, മഹാരജതം, കാഞ്ചനം, രുക്മം, കാർത്തസ്വരം, ജാംബൂനദം, അഷ്ടാപദം<br><br>(ii) കണ്ഠം - ഗളം, കഴുത്ത്, ഗ്രീവം, കന്ധരം, ശിരോധി | (1)<br><br>(1) |
| **(g)** | **നാനാർത്ഥം**<br>[ഏതെങ്കിലും രണ്ടെണ്ണം ശരിയാക്കിയാൽ മുഴുവൻ മാർക്കും നൽകാം. അല്ലെങ്കിൽ ആനുപാതികമായി മാർക്ക് നൽകാം]<br><br>(i) കോടി - പുത്തൻ വസ്ത്രം, ഒരു സംഖ്യ, നൂറ് ലക്ഷം, ഉയർന്ന സ്ഥാനം, വായ്ത്തല, അഗ്രഭാഗം, അതിര്, കൂട്ടം, വില്ലിന്റെയും ചന്ദ്രക്കലയുടെയും കൂർത്ത അറ്റം, മേൽക്കൂരയുടെ കോണ്, കോടുക എന്നതിന്റെ പൂർവ്വരൂപം, മൂല, ഒരു തരം ചെടി, വാദമുഖം<br><br>(ii) അങ്കം - യുദ്ധം, അടയാളം, മടിത്തട്ട്, രാജാവിന് നൽകുന്ന നികുതി, അവയവം, ക്ഷൗരം, കട്ടിൽ, സംഖ്യ, നാടകത്തിലെ ഒരു ഭാഗം, സ്ഥലം, വളവ്, ആഭരണം, അലങ്കാരം, ദുഷ്കർമ്മം, പിഴ, കളങ്കം | (1)<br><br>(1) |
| **4 (a)** | **വിപരീതപദം എഴുതുക** | |

Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

| | | |
|---|---|---|
| (i)<br><br>(ii) | രഹിതം X സഹിതം<br><br>വിയോഗം X സംയോഗം<br>• **യോഗം എന്നെഴുതിയാൽ മാർക്ക് നൽകരുത്** | (1)<br><br>(1) |
| **(b)**<br><br>(i)<br><br>(ii) | **അർത്ഥവ്യത്യാസം എഴുതുക**<br><br>അനുസൃതം - അനുസരിച്ച്<br>അനുസ്യൂതം - ഇടതടവില്ലാതെ<br><br>ആധി - ഉത്കണ്ഠ<br>വ്യാധി - രോഗം | ½ + ½<br><br>½ + ½ |
| **(c)**<br><br>(i)<br><br>(ii) | **എതിർലിംഗം എഴുതുക**<br><br>ചപലൻ - ചപല<br><br>മാന്ത്രികൻ - മാന്ത്രിക | <br><br>(1)<br><br>(1) |

**SECTION – D – LITERATURE / ഡി വിഭാഗം**

**LITERATURE**

**Note:- The objective of this section is to test a candidate's ability to understand, explain and interpret the prescribed text through short and long answer type questions. Hence both content and expression in answers to the given questions deserve equal importance while awarding marks. [36]**

| | | |
|---|---|---|
| **5** (a)<br>(i)<br><br>(ii)<br><br>(iii)<br><br><br><br>(iv) | വയലാർ രാമവർമ്മ<br><br>വിവേകികൾ<br><br>ലക്ഷ്മണൻ (ശത്രുഘ്നൻ സുമിത്രാപുത്രനാണെങ്കിലും സൗമിത്രി എന്ന പേര് രൂഢി ആയത് ലക്ഷ്മണനാണ്, ശ്രീരാമൻ ദാശരഥിയായതുപോലെ)<br><br>വൈലോപ്പിള്ളി | ½<br><br>½<br><br>½<br><br><br><br>½ |
| **(** b)<br>(i) | ഖസാക്കിന്റെ ഇതിഹാസം | ½ |

Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

| | | |
|---|---|---|
| (ii)<br><br>(iii)<br><br>(iv) | ആദരവ്<br><br>അശ്വത്ഥാമാവ്<br><br>എ.പി. ഉദയഭാനു | ½<br><br>½<br><br>½ |
| 6. | തന്നിരിക്കുന്ന ചോദ്യങ്ങൾക്കുള്ള ശരിയായ ഉത്തരങ്ങൾക്ക് മുഴുവൻ മാർക്കും നൽകാം. എല്ലാ ഉത്തരങ്ങളുടെയും ആമുഖമായി ഗ്രന്ഥകാരനെയും കൃതിയെയും കുറിച്ച് സൂചനയുണ്ടായിരിക്കണം. അതിന് ½ മാർക്ക് നിശ്ചയിച്ചിരിക്കുന്നു. | |
| 6 (a)<br><br>(i) | ആമുഖം<br><br>കർത്താവ് : വൈലോപ്പിള്ളി<br>പാഠം : ഓണമുറ്റത്ത് (വിട)<br><br>ഓണക്കാലത്ത് മലനാടിന്റെ വായുവിൽപ്പോലും മധുരോദാരഭാവം – തുമ്പ, മുക്കുറ്റി, നെയ്യാമ്പൽ, കവുങ്ങിൻ പൂവരി തുടങ്ങിയ പൂക്കൾ മാവേലി മന്നനെ സ്വീകരിക്കാൻ തയ്യാറാവുന്ന രീതിയും, ഈ നല്ല അതിഥിയെ വരവേല്ക്കാൻ ഉണ്ണികളും അലകടലും കൊച്ചരുവികളും ചെറുകന്യകളും നില്ക്കുന്ന രീതികളും– ഓണപുലരിയുടെ മനോഹാരിത. | 4 |
| (ii) | ആമുഖം<br><br>കർത്താവ് : വി.മധുസൂദനൻ നായർ<br>പാഠം : അമ്മയുടെ എഴുത്തുകൾ(ഗാന്ധി)<br><br>ഒരു കുട്ടിയുടെ ജീവിതത്തിൽ അമ്മയ്ക്കും മാതൃഭാഷയ്ക്കും തുല്യസ്ഥാനം. മാതൃഭാഷയുടെ ഈണവും താളവും മൊഴിച്ചന്തവും അമ്മയ്ക്ക് മാത്രം തരാൻ കഴിയുന്ന വെണ്മയും രണ്ടുപേരും ഒരുപോലെ അവകാശപ്പെടുന്നു.അമ്മയും മാതൃഭാഷയും കാവലായി പിമ്പേ പറക്കുന്ന കുളിർമയും രക്തത്തിലെ ചൂടായി നിൽക്കുന്ന തന്മയും താളവുമായി നമ്മിൽ നിലനിൽക്കുന്നു. എത്ര മറന്നാലും അമ്മ ഒരോർമ്മയായ്, ആദിമസംഗീതമായ് വന്ന് ഇടയ്ക്കിടെ മൂളുന്നതുപോലെ മാതൃഭാഷയും മധുരമായ ഒരോർമ്മയായ് മനസ്സിൽ അവശേഷിക്കുന്നു. | 4 |
| (iii) | ആമുഖം<br><br>കർത്താവ് : എഴുത്തച്ഛൻ<br>പാഠം : ലക്ഷ്മണസാന്ത്വനം | |

Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

| | | |
|---|---|---|
| | (അധ്യാത്മരാമായണം കിളിപ്പാട്ട്)<br><br>വിച്ഛിന്നാഭിഷേകത്തിന്റെ ദു:ഖം കൊണ്ട് ക്രോധാവിഷ്ടനായ ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുന്നതാണ് പാഠഭാഗം. ക്രോധം അവിവേകത്തിൽ നിന്നും ജനിക്കുന്നതാണ്. അത് ധർമ്മക്ഷയത്തിനും മോക്ഷ വിഘ്നത്തിനും മനസ്താപത്തിനും ഇടവരുത്തും. മാതാവിനേയും പിതാവിനേയും സഹോദരനേയും മിത്രങ്ങളേയും ദേഷ്യം മൂലം മനുഷ്യൻ കൊല്ലാൻ വരെ തയ്യാറാകുന്നു. ക്രോധം മൂലം മനുഷ്യർക്ക് ജീവിതം കൂടുതൽ സങ്കീർണ്ണമാകാം. അത് സ്വർമ്മത്തെ ഇല്ലാതാക്കുന്നു. ആയതിനാൽ ബുധജനങ്ങൾ ക്രോധം ഉപേക്ഷിക്കണം. | 4 |
| 6 (b)<br><br><br><br>(i) | ആമുഖം.<br>കർത്താവ്: കുട്ടികൃഷ്ണമാരാര്<br>പാഠം : യുദ്ധത്തിൻെറ പരിണാമം (ഭാരതപര്യടനം)<br><br>പ്രഗത്ഭനായ ദ്രോണരുടെ പുത്രനായിരുന്നിട്ടും ബ്രാഹ്മണനായിരുന്നിട്ടും പകയും പ്രതികാരവും ക്രൂരതയും അവിവേകവും അക്രമവാസനയും നിറഞ്ഞുനിൽക്കുന്ന കഥാപാത്രം - സന്ദർഭോചിതമായ വിശദീകരണം.<br>(ഹീനവും നീചവുമായ മനസ്സിന്റെ ഉടമ- കാപുരുഷനും പാപിയും ബാലജീവിതഘാതിയും ചിരഞ്ജീവിയുമായി- രുന്നിട്ടും ശാപമേൽക്കേണ്ടി വന്നവനുമാണ്.) | 4 |
| (ii) | ആമുഖം<br><br>കർത്താവ് : എ.പി. ഉദയഭാനു<br>പാഠം : കൊച്ചുചക്കരച്ചി<br>കൊച്ചുചക്കരച്ചി എന്ന പേരിന്റെ അരുമത്തം- കുട്ടികൾക്ക് മാങ്ങപൊഴിച്ചു കൊടുക്കുന്ന വാത്സല്യം -<br>നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ പറയുമായിരുന്നു -<br>അവൾ നേരുള്ളവൾ എന്ന അമ്മയുടെ വിശ്വാസം - അത് അവൾ കാത്തതിന്റെ രീതി - കുലശ്രേഷ്ഠയായി കണക്കാക്കുന്നത് -<br>അമ്മയ്ക്ക് കൊച്ചുചക്കരച്ചി മകൾ തന്നെ ആയിരുന്നു. | 4 |
| (iii) | ആമുഖം<br>കർത്താവ് : പെരുമ്പടവം ശ്രീധരൻ<br>പാഠം : ആത്മാവിന്റെ വെളിപാടുകൾ<br>(ഒരു സങ്കീർത്തനം പോലെ)<br><br>ദുരന്തങ്ങൾക്കിടയിലും ദസ്തയേവ്സ്കി ജീവിതത്തെ സ്നേഹിക്കുന്നു- ജീവിതത്തിലെ ഹൃദ്യമായ ഓർമ്മകളാണ് ഒരു തരത്തിൽ പറഞ്ഞാൽ ആ ജീവിതത്തെ നിലനിർത്തുന്നത് | |

Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

| | | |
|---|---|---|
| | -മൈക്കിളിന്റെ ഉടമസ്ഥതയിലുള്ള 'എപ്പോക്ക്' എന്ന പ്രസിദ്ധീകരണവും അതിൽ സാഹിത്യ ജീവിതത്തിലെ നാഴികക്കല്ലായിരുന്ന 'അധോതലക്കുറിപ്പുകൾ' പ്രസിദ്ധീകരിച്ചത്- ഭാര്യയായ മേരിയോടൊത്തുള്ള ജീവിതം - തന്റെ ജീവിതത്തിൽ കണ്ടിട്ടുള്ള ഏറ്റവും നല്ല സ്ത്രീ എന്ന സങ്കല്പം, അന്നയോടൊത്തുള്ള നിമിഷങ്ങൾ - സെന്റ്പീറ്റേഴ്സ് ബെർഗ് എന്ന നഗരവും പ്രശാന്തമായ കാഴ്ചകളും ഹൃദ്യമായ ഓർമ്മകളാകുന്നു. | 4 |
| 7<br><br>(i) | [ചട്ടമ്പി സ്വാമികൾ ]<br>**ഏതെങ്കിലും രണ്ടുചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**<br><br>ആമുഖം<br>ജീവിതമാണ് സന്ദേശം -ലളിത ജീവിതം-സ്വാമികളുടെ അഹിംസാസിദ്ധാന്തം. ജാതിരഹിതമായ ഒരു സമൂഹം കെട്ടിപ്പടുക്കാനുള്ള താല്പര്യം - ജ്ഞാന സമ്പാദനത്തിനുള്ള ത്വര - ബ്രാഹ്മണാധിപത്യത്തി നെതിരെയുള്ള ശബ്ദമുയർത്തൽ - അന്ധവിശ്വാസങ്ങൾക്കെതിരെ പ്രതികരിക്കൽ - വേദങ്ങളും ഉപനിഷത്തുകളും സാധാരണക്കാർക്ക് പ്രാപ്യമാക്കിയത് - പരമ്പരാഗത സന്ന്യാസത്തിന് പുറത്തുള്ള സാത്വിക ജീവിതം. | 4 |
| (ii) | ആമുഖം<br><br>ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെ പ്രതികരിക്കൽ - ബ്രാഹ്മണാധിപത്യത്തെ വെല്ലുവിളിച്ചത് - വേദങ്ങളും ഉപനിഷത്തുകളും സാധാരണക്കാർക്ക് പ്രാപ്യമാക്കിയത് - സ്വസമുദായത്തിലെ അഴുക്കുകൾ നീക്കാനുള്ള യത്നം - മനുഷ്യനന്മയ്ക്കും മതനന്മയ്ക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ - സ്ത്രീപുരുഷ സമത്വത്തിനു വേണ്ടിയുള്ള പരിശ്രമങ്ങൾ - ഗ്രന്ഥരചനയിലൂടെ വരുത്തിയ മാറ്റങ്ങൾ - പിൽക്കാല സാമൂഹ്യ പരിഷ്കർത്താക്കൾക്ക് വഴികാട്ടി . | 4 |
| (iii) | ആമുഖം<br>തന്റെ പ്രൗഢി കാണിക്കുവാൻ സ്വാമികളെ ഉദ്യോഗസ്ഥനായ സുഹൃത്ത് വിരുന്നിന് ക്ഷണിക്കുന്നത്- വിരുന്നിന് സ്വാമികൾ വച്ച ഉപാധി- സദ്യയ്ക്ക് ഒറ്റയ്ക്കെത്തിയ സ്വാമികൾ- സദ്യ തുടങ്ങിയപ്പോൾ സംഭവിച്ച അത്ഭുതം- അത്ഭുതത്തിന് സ്വാമികൾ നൽകിയ വ്യാഖ്യാനം | 4 |

Downloaded From :http://cbseportal.com/ Courtesy : CBSE